# വചന വിചിന്തനം

## നാലാം ഞായർ

ലൂക്കാ 1,18-25

**കുടുംബത്തെ തിരുകുടുംബമാക്കിയവനിൽ നിന്ന് ഇന്നത്തെ തലമുറയ്ക്ക് പഠിക്കാനുള്ള വലിയ നന്മ "ഭാര്യയെ അപമാനിക്കാത്ത തിരുകുടുംബനാഥൻ!"**

"കർത്താവേ, അങ്ങയുടെ കൂടാരത്തിൽആരു വസിക്കും? നിഷ്കളങ്കനായി ജീവിക്കുകയും നീതിമാത്രം പ്രവർത്തിക്കുകയും ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ"

സങ്കീ 15,1

ഒരു വൃദ്ധൻ നേഴ്സിനോട്: "എനിക്കിത്തിരി തിരക്കുണ്ട്. എന്നെ പെട്ടന്ന് ഒന്ന് നോക്കി ഡോക്ടറോട് വിടാൻ പറയാമോ... വളരെ അത്യാവശ്യമുണ്ട്..."

ഇതു കേട്ട നേഴ്സ് അൽപം ദേഷ്യത്തോടെ അവിടെ ഇരുന്നോളാൻ പറഞ്ഞു. അൽപം കഴിഞ്ഞ് ഡോക്ടർ വന്നപ്പോൾ അദ്ദേഹം വാതിൽക്കൽ നിന്ന് ഡോക്ടറോഡ് അപേക്ഷിച്ചു. ഇത് നേഴ്സ് വിസമതിച്ചു. എങ്കിലും, ഡോക്ടർക്ക് ദയവു തോന്നി അകത്തേക്ക് കേറി പോരാൻ പറഞ്ഞു...

അദ്ദേഹം പരിശോധിക്കുമ്പോൾ വീണതും, മുറിവ് ഉണ്ടയാതും, ചോര പോയതും എല്ലാം പറഞ്ഞു. മുറിവെല്ലാം വൃത്തിയാക്കി സ്ററിച്ചിട്ട് പോവാൻ നേരം ഡോക്ടർ ചോദിച്ചു: "എന്തേ പോവൻ ഇത്ര തിടുക്കം?"

"ഭാര്യയ്ക്ക് സുഖമില്ല. അവളോടൊത്ത് ഭക്ഷണം കഴിക്കാൻ ചെല്ലാം എന്ന് വാക്ക് കൊടുത്തിട്ടുണ്ട്." എന്ന് വൃദ്ധൻ പറഞ്ഞു...

ഡോക്ടർ തിരിച്ച് ചോദിച്ചു: "എന്താ ഭാര്യയുടെ അസുഖം?"

ആ വൃദ്ധൻ പറഞ്ഞു: "അൽഷിമേഴ്സ് ആണ്..."

ഒരൽപം സംശയത്തോടെ ഡോക്ടർ വീണ്ടും ചോദിച്ചു: "അൽഷിമേഴ്സ് ആണെങ്കിൽ നിങ്ങൾ ചെല്ലും എന്നുള്ളകാര്യം അവരെങ്ങിനെ ഓർക്കും?"

അപ്പോൾ ചിരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞ മറുപടി,

"വാക്ക് കൊടുത്തത് ഞാനല്ലെ. അതു ഓർക്കേണ്ടതും പാലിക്കേണ്ടത് ഞാനല്ലെ!"

"അവൾക്ക് അസുഖമില്ലാത്ത സമയത്തും വാക്ക് കൊടുത്തത് പാലിക്കാൻ അവൾ എന്റെ പുറകെ നടക്കേണ്ട ആവശ്യം വന്നിട്ടില്ല."

"പിന്നെ, ഓർമ്മയുടെ കാര്യം ചോദിച്ചില്ലെ, കഴിഞ്ഞ അഞ്ച് വർഷമായിട്ടു അവൾ എന്നെ തിരിച്ചറിഞ്ഞിട്ടില്ല."

"പക്ഷെ, എനിക്കറിയാലോ അവൾ എന്റെ ആരാണെന്ന്. അതുകൊണ്ട്, എനിക്ക് പോയാലെ പറ്റു."

ഇത് സംഭവിച്ചതാണോ അതോ കഥയാണോ എന്ന് എനിക്കറിയില്ല. പക്ഷെ, ഇത് വായിച്ചപ്പോൾ മനസിലേയ്ക്ക് വന്നത് ജോസഫിന്റെ നീതിബോധമാണ്. ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപെടാത്ത ജോസഫിനെ കുറിച്ച് ദൈവം പോലും ചുവന്ന മഷികൊണ്ട് അടിവരയിട്ട് പറയുന്ന കാര്യം,

"അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും..." (മത്താ 1,19).

ഇവിടെ ജോസഫ് നിയമം ലംഘിക്കുന്നു. അതിന് ഒറ്റ കാരണം മാത്രംമെ ഉള്ളു, "അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ..." (മത്താ 1,19). മറിയത്തിന്റെ ഉദരത്തിൽ വളരുന്നത് തന്റെ കുഞ്ഞല്ല എന്നുള്ള ഉറച്ച തിരിച്ചറിവുള്ളവനായിരുന്നു

ജോസഫ്. മറിയം വഹിക്കുന്ന കുഞ്ഞ് ജോസഫിന്റെ ദാമ്പത്യസ്വപ്നങ്ങളുടെ മേൽ വീഴ്ത്തിയത് കരിനിഴലാണ്. കുടുംബം എന്നുള്ള സ്വപ്നത്തെ ഇല്ലായ്മ ചെയ്ത മറിയത്തെ ഇല്ലായ്മ ചെയ്യാൻ ജോസഫിന് സാധിക്കുമായിരുന്നു. എന്നിട്ടും, ജോസഫ് വിവേചിച്ചറിഞ്ഞത് ദൈവീക ഇടപെടലുകളെയാണ്.

ഓർത്തു നോക്കുക, നാമുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന പെൺകുട്ടി ഗർഭിണിയാണെന്നറിയുകയും, അവൾ വന്ന് താൻ ഗർഭിണിയായിരുക്കുന്നത് ദൈവീക ഇടപെടലുകളിലൂടെ പരിശുദ്ധാത്മാവിലാണെന്നും നമ്മളെ അറിയിക്കുന്നു. നാം ഈ വാർത്തയെ എപ്രകാരം സ്വീകരിക്കും? ഞാനാണെങ്കിൽ, എനിക്കും ഞാനുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന പെൺകുട്ടിക്കും മദ്ധ്യം ഒറ്റ ചോദ്യം മാത്രം അവശേഷിക്കും,

"ആരാടി നിന്റെ ഗർഭത്തിനുത്തരവാദിയായ പരിശുദ്ധാത്മാവ്?"

ഇവിടെയാണ് ജോസഫിന്റെ നീതിബോധം തലപൊക്കുന്നത്. ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്ത ഭർത്താവ്. ജോസഫിന്റെ നീതിബോധത്തിന് മുമ്പിൽ ഒറ്റ കാരണം മാത്രം; "താൻ മൂലം ഈ ഭൂമിയിൽ ഒരു നുള്ളു കണ്ണുനീർ പോലും വീഴരുത് എന്നുള്ള വിശുദ്ധമായ പിടിവാശി!" ഒരു പക്ഷെ, അനുകരണീയമായ ഈ മാതൃക മറിയം പോലും കണ്ടു പഠിക്കുന്നത് ഭർത്താവായ ജോസഫിൽ നിന്നായിരിക്കാം. "താൻ മൂലം ഈ ഭൂമിയിൽ ആരും ഒരു നുള്ളു കണ്ണുനീർ പോലും വീഴരുത്" എന്നുള്ള വിശുദ്ധമായ പിടിവാശി ജോസഫിന്റെയും മറിയത്തിന്റെയും കുടുംബത്തെ തിരുകുടുംബമാക്കി മാറ്റുന്നു. എങ്കിൽ, ഒന്നുറപ്പാണ്, "കുടുംബത്തെ തിരുകുടുംബമാക്കി മാറ്റുന്നതിനുള്ള പ്രഥമവും പ്രധാനപ്പെട്ടതുമായ മനോഭാവം താൻ മൂലം ഈ ഭൂമിയിൽ ആരും ഒരു നുള്ളു കണ്ണുനീർ പോലും വീഴരുത്" എന്നത് തന്നെയാണ്.

*നീതിബോധം എന്നത് വാക്കും പ്രവൃത്തിയും ചിന്തയും ചെയ്തിയും അകവും പുറവും തമ്മിലുള്ള ഇഴയടുപ്പമാണ്!*

ഭർത്താവിന് തന്നോടുള്ള താൽപര്യത്തിൽ കുറവുണ്ടോ എന്ന് സംശയിച്ച ഭാര്യ ഭർത്താവ് ഓഫീസ് വിട്ടു വരുന്നതിനു മുൻപ് ഒരു കുറുപ്പെഴുതി കട്ടിലിൽ ഇട്ടു. എന്നിട്ട്, കട്ടിലിനു താഴെ ഒളിച്ചുകിടന്നു.

കുറിപ്പ് ഇപ്രകാരാമായിരുന്നു, "ഞാൻ പോവുകയാണ്. നിങ്ങൾക്ക് എന്നോട് താല്പര്യം കുറഞ്ഞു പോലെ കാണുന്നു. എനിക്കും മടുപ്പും വേദനയും തോന്നി തുടങ്ങി. ഞാൻ പോകുന്നു... ദയവുചെയ്ത്, ഇനി എന്നെ തിരക്കി വരരുത്. പ്ലീസ്..."

ജോലി കഴിഞ്ഞെത്തിയ ഭർത്താവ് ഈ കുറിപ്പ് കണ്ടു വായിച്ചു. അതിൽ വേറെ എന്തോ എഴുതി അവിടെ തന്നെ ഇട്ടു. എന്നിട്ട് ഫോൺ എടുത്തു ആരോടോ ഉച്ചത്തിൽ ഇങ്ങിനെ സംസാരിച്ചു തുടങ്ങി;

"നമ്മൾ വിചാരിച്ചപ്പോലെ മാരണം ഒഴിഞ്ഞു കിട്ടി. അവൾ പോയി. അവളും ഞാനും ഒരിക്കലും ചേരില്ല എന്ന് ഞാൻ പലപ്പോഴും കരുതിയിരുന്നു. ഇനി നമ്മൾക്ക് ആഘോഷിക്കാം. ഞാനിതാ എത്തി."

അതും പറഞ്ഞു ഭർത്താവ് വേഗം പുറത്തേക്കു പോയി ...

തകർന്നു പോയ ഭാര്യ കണ്ണീർ വാർത്ത്, ലോകാവസാനം നേരിൽ കണ്ടു, ആ കട്ടിലിൽ ഇരുന്നു. അപ്പോൾ അയാൾ എഴുതിയ കുറിപ്പ് അവളുടെ കണ്ണിൽ പെട്ടു. അതിൽ എന്താണ് കുത്തികുറിച്ചിരിക്കുന്നത് എന്നറിയാൻ ആകാംക്ഷയോട് കൂടി അതിലേയ്ക്ക് നോക്കി.

അതിൽ ഇപ്രകാരം ആയിരുന്നു എഴുതിയിരുന്നത്;

"പൊട്ടി പെണ്ണേ, നിന്റെ കാല് കട്ടിലിനു വെളിയിൽ കാണുന്നുണ്ട്, ഞാൻ കടയിൽ പോയി പാല് വാങ്ങിച്ചു ഉടനെ വരാം . നീ ചായക്ക് വെള്ളം വെയ്ക്ക്..."

ചായ വയ്ക്കാൻ പാലും വാങ്ങി വരുന്ന ഭർത്താവിനെ അവൾ അന്നുവരെ നോക്കിയിട്ടില്ലാത്തതു പോലെ അന്ന് നോക്കി നിന്നു. കാരണം, തന്റെ സംശയത്തിന് ഉത്തരം ലഭിച്ചതു കൊണ്ടല്ല. മറിച്ച്, തന്റെ ഭർത്താവ് ഇത്രമാത്രം തന്നെ സ്നേഹിക്കുന്നുണ്ടല്ലോ

എന്നോർതിട്ട്.

ഭർത്താവിന്റെ കുറവുകളെ ഭാര്യയും ഭാര്യയുടെ കുറവുകളെ ഭർത്താവും മറക്കുമ്പോൾ ആ കുടുംബം തിരുകുടുംബമായി മാറ്റപ്പെടുന്നു. അതിനു സ്വന്തമാക്കേണ്ട നന്മ, "താൻ മൂലം തന്റെ ജീവിതത്തിന്റെ പാതി ഈ ഭൂമിയിൽ ഒരു നുള്ളു കണ്ണുനീർ പോലും വീഴരുത്" എന്നുള്ള "ജോസഫേനിയൻ നീതിബോധമാണ്." ഒരു പ്രശ്നങ്ങളും ഇല്ലാത്ത കുടുംബമായിരുന്നില്ല ജോസഫിന്റെയും മറിയത്തിന്റെയും. മറിച്ച്, തകർന്ന് തരിപ്പണമാകാൻ പാകത്തിന് ആറ്റം ബോംബുകൾ നിറച്ച് വച്ച കുടുംബമായിരുന്നു ജോസഫിന്റെയും മറിയത്തിന്റെയും. എന്നിട്ടും, ആ കുടുംബം നാമാവശേഷമാകതെ തിരുകുടുംബമായെങ്കിൽ അതിന് കാരണമായി വചനം പങ്കുവയ്ക്കുന്നത്, 'ജോസഫിന്റെ നീതിബോധമാണ്.'

ജോസഫ് മറിയത്തെ ഉപേക്ഷിച്ചിരുന്നെങ്കിൽ ജോസഫിന് നഷ്ടപെടുന്ന് മറിയത്തെ എന്നതിനേക്കാൾ ഉപരി ക്രിസ്തുവിനെ തന്നെയാണ്. രണ്ട് ചിന്തകൾ ഇതിൽ ഒളിഞ്ഞിരിക്കുന്നുണ്ട്.

ജോസഫ് പഠിപ്പിക്കുന്നത്, മനുഷ്യത്വത്തിന് പ്രാധാന്യം നൽകി മനുഷ്യനെ സ്നേഹിക്കണം എന്നതു മാത്രമാണ്...

1. മറിയത്തെ ഉപേക്ഷിക്കുമ്പോൾ നാം നഷ്ടപ്പെടുത്തുന്നത് ക്രിസ്തുവിനെ തന്നെയാണ്. മറിയം വേണ്ട ക്രിസ്തു മാത്രം മതി എന്നു പറയുന്ന ചിന്തയുടെ പിന്നാലെ പോകുമ്പോൾ നാം ചെയ്യുന്നതും ക്രിസ്തുവിനെതന്നെ നഷ്ടപ്പെടുത്തുകയാണ്. ഇതോടു ചേർത്തു വായിക്കാനുള്ളത്, "നാം മറിയത്തെ സ്വന്തമാക്കുമ്പോൾ ക്രിസ്തുവിനെ തന്നെയാണ് സ്വന്തമാക്കുന്നത്." എങ്കിൽ, സി.എൽ.സി സംഘടനയുടെ ആപ്തവാക്യം, "മറിയം വഴി ക്രിസ്തുവിലേയ്ക്ക്..." എന്നതിന് പുതിയ മാനം ലഭിക്കുന്നുണ്ട്!

2. ജോസഫിന് ലഭിക്കാവുന്ന വലിയ സഹനങ്ങളിൽ ഒന്നാണ് വിവാഹത്തിന് മുമ്പ് ഗർഭിണിയായ് കാണപ്പെട്ട മറിയത്തെ സ്വീകരിക്കുക എന്നത്. എന്നിട്ടും, ക്രിസ്തുവിനെ സ്വന്തമാക്കാൻ വേണ്ടി ജോസഫ് ആ വലിയ സഹനം സ്വീകരിക്കാൻ തയ്യാറായി. "ക്രിസ്തു" എന്നുള്ള വലിയ നിധി സ്വന്തമാക്കാൻ ജോസഫ് നൽകിയ വില തന്റെ ജീവിതം തന്നെയാണ്. വില കൊടുക്കണം വിലയുള്ളത് നേടാൻ... ക്രിസ്തുവിനെ സ്വന്തമാക്കാൻ വില കൊടുക്കാൻ തയ്യാറാണോ നാം?

***"മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ***
***ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ***
***ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ***
***നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു***
***നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്"***

റോമ 8,38-39

.............................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931